# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2409 12.06.2018- ൽ മറുപടിക്ക്

## ചെറുകിട സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി

**ചോദ്യം**
**ശ്രീ.വി. കെ. സി. മമ്മത് കോയ**

**ഉത്തരം**
**ശ്രീ. എ.സി.മൊയ്തീൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി**

| | | | |
|---|---|---|---|
| എ) | ചെറുകിട സംരംഭങ്ങളെയും സംരംഭകരെയും പ്രോത്സാഹിപ്പിക്കുന്നതിന് നിലവിൽ വ്യവസായ വകുപ്പിന് കീഴിൽ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | എ) & ബി) | ചെറുകിട സംരംഭങ്ങളെയും സംരംഭകരെയും പ്രോത്സാഹിപ്പിക്കുന്നതിന് നിലവിൽ വ്യവസായ വകുപ്പിന് കീഴിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>**1.** ഉല്പാദനമേഖലയിലുള്ള എല്ലാ എം.എസ്.എം.ഇ സംരംഭങ്ങൾക്കും 01.04.2012 മുതൽ നടത്തിയ നിക്ഷേപങ്ങൾക്ക് നൽകുന്ന ധനസഹായമാണ് **സംരംഭകത്വ സഹായ പദ്ധതി**<br>**2.** കേന്ദ്രസർക്കാരിന്റെ ആർ.ഇ.ജി.പി, പി.എം.ആർ.വൈ.എന്നീ പദ്ധതികൾ കൂടിച്ചേർന്നാണ് പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (പി.എം.ഇ.ജി.പി.) എന്ന പദ്ധതി നിലവിൽ വന്നത്. കെ.വി.ഐ.സി, കെ.വി.ഐ.ബി. എന്നീ ഏജൻസികൾ ഗ്രാമ പ്രദേശങ്ങളിൽ മാത്രവും, ജില്ലാ വ്യവസായകേന്ദ്രങ്ങൾ ഗ്രാമ പ്രദേശങ്ങളിലും പട്ടണ പ്രദേശങ്ങളിലും **പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (പി.എം.ഇ.ജി.പി.)** നടപ്പിലാക്കുന്നു.<br>**3.** വ്യവസായ വാണിജ്യ ഡയറക്ടറുടെ അധീനതയിലുള്ള വ്യവസായ മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് കൂടുതൽ നടപടികൾ **പശ്ചാത്തല വികസന പദ്ധതികൾ** വഴി സ്വീകരിക്കുന്നു.<br>**4.** യുവസംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ **സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി.ക്ലബ്ബ്)** പ്രവർത്തിച്ചു വരുന്നു. ഒരു ഇഡി ക്ലബിന് ഒരു വർഷം 20,000/- രൂപ നിരക്കിൽ ഗ്രാന്റ് അനുവദിക്കുന്നു.<br>**5.** പുതിയ വ്യവസായ ആശയവുമായി മുന്നോട്ട് വരുന്ന സംരംഭകർക്ക് അവരുടെ ആശയം പ്രാവർത്തികമാക്കുന്നതിനുള്ള എല്ലാവിധ സഹായങ്ങളും നൽകി അവ യഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോട് കൂടി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ **ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ** പ്രവർത്തിക്കുന്നു. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതിയ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | |

| | | |
|---|---|---|
| | | **6.** ഒരേ തരത്തിലുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുകയും ഒരു പ്രദേശത്ത് പ്രവർത്തിക്കുകയും ചെയ്യുന്ന വ്യവസായ സംരംഭങ്ങൾക്ക് സഹായമാം വിധത്തിൽ കോമൺ ഫെസിലിറ്റി സെൻറർ സ്ഥാപിക്കുക എന്ന മുഖ്യ ലക്ഷ്യത്തോടുകൂടി എം.എസ്.ഇ-സി.ഡി.പി പദ്ധതിയായ **ക്ലസ്റ്റർ ഡെവലപ്പ്മെൻറ് പ്രോഗ്രാം** നടപ്പിലാക്കിവരുന്നു.<br>7. **കരകൗശല മേഖലയിലെ സംസ്ഥാനതല സ്ഥാപനങ്ങൾക്ക് ധനസഹായം** നൽകുന്നതിന് 2016-17 സാമ്പത്തിക വർഷത്തിൽ 144 ലക്ഷം രൂപയും 2017-18-ൽ 329.25 ലക്ഷം രൂപയും വിതരണം ചെയ്യുകയുണ്ടായി. 2018-19-ൽ 100 ലക്ഷം രൂപയും വിതരണം ചെയ്യുകയുണ്ടായി.<br>8. **മുളയനുബന്ധ വ്യവസായത്തിന്റെ പ്രോത്സാഹനത്തിനായി** 2016-17 സാമ്പത്തിക വർഷത്തിലും 2017-18-ലും 200 ലക്ഷം രൂപാ വീതം വിതരണം ചെയ്യുകയുണ്ടായി. 2018-19-ൽ 120 ലക്ഷം രൂപ വിതരണം ചെയ്തുകഴിഞ്ഞു.<br>**9.** കരകൗശല മേഖലയിൽ ആരംഭിച്ച ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് **അസിസ്റ്റൻസ് സ്കീം ഫോർ ഹാൻറിക്രാഫ്റ്റ്സ് ആർട്ടിസാൻസ് (ആഷ) പദ്ധതി** പ്രകാരം ധനസഹായം നൽകുന്നു.<br>**10.** കരകൗശല മേഖലയിൽ പ്രവർത്തിക്കുന്നതും വനിതാ, പട്ടികജാതി-പട്ടികവർഗ്ഗ, അംഗപരിമിത വിഭാഗങ്ങൾക്ക് പ്രാമുഖ്യമുള്ളതുമായ **വ്യവസായ സഹകരണ സംഘങ്ങൾക്ക് ധനസഹായം** നൽകുന്നതിന് 2018-19 സാമ്പത്തിക വർഷത്തിൽ 100 ലക്ഷം രൂപ ബജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.<br>മേൽ പറഞ്ഞവ കൂടാതെ താഴെപ്പറയുന്ന പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്.<br>• കേരളത്തിലെ വിദഗ്ധരായ കരകൗശല കലാകാരന്മാരെ കണ്ടെത്തി ഓരോ വർഷവും അവാർഡു നൽകി വരുന്നു.<br>• കേരളത്തിലെ 60 വയസുകഴിഞ്ഞ കരകൗശല വിദഗ്ധർക്ക് പ്രതിമാസം 1000/-രൂപ പെൻഷൻ നൽകി വരുന്നു.<br>• കേരള ദിനേശ് ബീഡി കേന്ദ്ര സഹകരണ സംഘവുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സംഘങ്ങളിലെ ജീവനക്കാർക്ക് സ്വയം പിരിഞ്ഞുപോകാൻ അവസരം നൽകുന്നതിനുവേണ്ടി പ്രതിമാസം 500/-രൂപ സമാശ്വാസ പെൻഷനായി അനുവദിച്ചുവരുന്നു.<br>• കേരളാ ദിനേശ്ബീഡി കേന്ദ്ര സഹകരണ സംഘം വില്പന നികുതിയിനത്തിൽ ഒടുക്കിയ തുക മടക്കി നൽകുന്നു.<br>**11 മേൽ പറഞ്ഞ ഇനങ്ങൾ** കൂടാതെ കേരളത്തിൽ വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനും, ചെറുകിട |

വ്യവസായികളെ ആകർഷിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലനപദ്ധതി, ടെക്നോളജി ക്ലിനിക്ക്, സ്കിൽ ഡവലപ്പ്മെൻറ് പ്രോഗ്രാം, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ബോധവത്കരണ പരിപാടി, ജില്ലാടിസ്ഥാനത്തിൽ ടെക്നോളജി മാനേജ്മെൻറ് ഡവലപ്മെൻറ് പ്രോഗ്രാം, ബോധവത്കരണ ക്ലാസ്സുകൾ. സംരംഭകത്വ വികസന പരിശീലനപരിപാടികൾ, നിക്ഷേപകരുടെ മേളകൾ, എം.എസ്.എം.ഇ. ഉൽപ്പന്ന വിപണനമേളകൾ, മെഷിനറി എക്സിബിഷൻ, ഊർജ്ജിത വ്യവസായ വൽക്കരണ പദ്ധതി എന്നിവ ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, ജില്ലാ തലങ്ങളിലായി നടത്തി വരുന്നു. കൂടാതെ സംസ്ഥാന തലത്തിൽ മെഷീനറി എക്സിബിഷൻ, അഗ്രോ ഫുഡ്പ്രോ തുടങ്ങിയ പരിപാടികൾ വഴി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും സാധിക്കുന്നു.

മേൽ പദ്ധതികൾക്ക് പുറമെ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആരംഭിച്ചിട്ടുള്ള നൂതന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനാവശ്യമായ ഒരു പാരിസ്ഥിതികാവസ്ഥ സൃഷ്ടിക്കുന്നതിനായി 2018-ലെ **'കേരള ഇൻവെസ്റ്റ്മെൻറ് പ്രൊമോഷൻ ആൻറ് ഫെസിലിറ്റേഷൻ ആക്ട്** നിലവിൽവന്നു.

2. നാനോ/കുടുംബ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് 2017-18 മുതൽ പ്രസ്തുത സംരംഭങ്ങൾ എടുക്കുന്ന വായ്പയുടെ പലിശയിളവ് ( ഇന്ററസ്റ്റ് സബ്വെൻഷൻ ) നൽകുന്ന പദ്ധതിയാണ് **നാനോ/കുടുംബ സംരംഭകർക്കുള്ള ഇന്ററസ്റ്റ് സബ്വെൻഷൻ പദ്ധതി.**

3. സംസ്ഥാനത്തെ തടി അധിഷ്ഠിത ഫർണ്ണിച്ചർ വ്യവസായം പ്രോത്സാഹിപ്പിക്കുവാനുള്ള പദ്ധതിയാണ് **ഇന്നവേറ്റീവ് അന്താരാഷ്ട്ര ഫർണീച്ചർ ഹബ്ബ്**

4. ബിസ്സിനസ്സ് സംരംഭകർക്ക് സാങ്കേതിക പരിജ്ഞാനം ലഭിക്കുന്നതിനും സർവ്വകലാശാല വിദ്യാർത്ഥികൾക്ക് ഗവേഷണം നടത്തുന്നതിനും പരസ്പര സഹായത്തിനും സംരംഭക സ്ഥാപനങ്ങൾക്കും, സാങ്കേതികദാതാക്കൾക്കും യൂണിവേഴ്സിറ്റികൾക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ് **സർവ്വകലാശാലകളും/ഗവേഷണ സ്ഥാപനങ്ങളും വ്യവസായങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തൽ പദ്ധതി**

5. സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതിയാണ് **എംഎസ്എംഇ കൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി**

6. എംഎസ്എംഇ കളുടെ വളർച്ചയ്ക്ക് സഹായകമാവുന്ന ക്ലസ്റ്റർ കേന്ദ്രീകൃത സമീപനമാണ് **സ്റ്റേറ്റ് സ്പോൺസേർഡ് ക്ലസ്റ്റർ ഡെവലപ്പ്മെൻറ് പ്രോഗ്രാം**

**7.** തകർച്ച നേരിടുന്ന എം.എസ്.എം.ഇ യൂണിറ്റുകളെ കണ്ടെത്താനും പുനരുജ്ജീവിപ്പിക്കുന്നതിനും ലക്ഷ്യമിടുന്ന പദ്ധതിയാണ് **എംഎസ്എംഇ കളുടെ പുനരുദ്ധാരണ പദ്ധതി**

**8.** വനിതകൾ, എസ്.സി/എസ്.റ്റി, അംഗപരിമിതർ എന്നീ വിഭാഗത്തിൽ ഉൾപ്പെട്ടവർ അടങ്ങിയ വ്യവസായ സഹകരണ സംഘങ്ങൾക്ക് വികസനം, നവീകരണം, വിപുലീകരണം എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നതിന് **വ്യവസായ സഹകരണ സംഘങ്ങൾക്കുള്ള സഹായം** പദ്ധതി ലക്ഷ്യമിടുന്നു.

**9.** എം.എസ്.എം.ഇ കളിൽ 01.04.2017 -ന് ശേഷം സൃഷ്ടിക്കപ്പെടുന്ന ഓരോ അധിക തൊഴിലിനും അനുസൃതമായി, ഇഎസ്ഐ, ഇപിഎഫ് എന്നീ ഇനങ്ങളിൽ തൊഴിലുടമയുടെ വിഹിതമായി അടയ്ക്കുന്ന തുകയുടെ 75% 3 വർഷത്തേക്ക് റീ ഇംബേഴ്സ് ചെയ്ത് നൽകുന്ന പദ്ധതിയാണ് **സ്കീം ഫോർ റീ ഇംബേഴ്സ്മെൻറ് ഓഫ് ഇ.എസ്.ഐ & ഇ.പി.എഫ് കോൺട്രിബ്യൂഷൻ ഓഫ് എംപ്ലോയർ ഫോർ ക്രീയേറ്റിംഗ് എംപ്ലോയ്മെൻറ് ഇൻ എം.എസ്.എം.ഇ.**

**10** വ്യവസായ വാണിജ്യ ഡയറക്ടറുടെ അധീനതയിലുള്ള വ്യവസായ മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് കൂടുതൽ നടപടികൾ **പശ്ചാത്തല വികസന പദ്ധതികൾ** വഴി സ്വീകരിക്കുന്നു.

**സെക്ഷൻ ഓഫീസർ**